

THURSDAY 09/10/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/10/2025

1. അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവകലാശാല, ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM), കേരള സർക്കാർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഹരിതഗൃഹ വാതക ബഹിർഗമനം കുറഞ്ഞ നെൽകൃഷി സമ്പ്രദായങ്ങൾ' എന്ന വിഷയത്തിൽ ഒക്ടോബർ 9 മുതൽ 11 വരെ കേരള കാർഷിക സർവകലാശാലയിൽ ത്രിദിന പ്രാരംഭശില്പശാല സംഘടിപ്പിക്കുന്നു. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ശില്പശാലയുടെ ഉദ്ഘാടനം ഒക്ടോബർ 9 ന് രാവിലെ 10 മണിക്ക് വെള്ളാനിക്കര കാർഷിക കോളേജ് സെമിനാർ ഹാളിൽ വെച്ച് സംസ്ഥാന കർഷക അവാർഡ് ജേതാവായ ശ്രീ സി. ജെ. സ്കറിയപിള്ള നിർവഹിക്കുന്നു. കാർഷികോത്പാദന കമ്മീഷണറും കേര പദ്ധതിയുടെ പ്രോജക്ട് ഡയറക്ടറും കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി അശോക് IAS ചടങ്ങിൽ അധ്യക്ഷത വഹിക്കുന്നു. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ലോ കാർബൺ നെൽകൃഷി സമ്പ്രദായങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കുന്നതിനായി നൂതന ശാസ്ത്രസാങ്കേതിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാർഗ്ഗങ്ങളും നയങ്ങളും രൂപപ്പെടുത്തുക എന്നതാണ് ശിൽപ്പശാലയുടെ മുഖ്യ ലക്ഷ്യം. കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനം ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റിസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA). കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കാനും, കാർബണിന്റെ ബഹിർഗമനനിരക്ക് കുറയ്ക്കാനും ലക്ഷ്യമിട്ട പദ്ധതി സംസ്ഥാന കൃഷി വകുപ്പ് വഴിയാണ് നടപ്പിലാക്കുന്നത്. ആഗോളതലത്തിലുള്ള മികച്ച അന്തര്ദേശീയ രീതികൾ ഉൾക്കൊണ്ട് കൊണ്ട് കാർഷിക മൂല്യവർദ്ധിത ശൃംഖലയിലെ നൂതന ഗവേഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നല്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2. മലബാറി ആടുകളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് ആദ്യമായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ, NLM പദ്ധതിയിൽ ഉൾപ്പെടുത്തി, ആടുകൾക്കായി ഒരു "മികവിന്റെ കേന്ദ്രം" CENTRE OF EXCELLENCE സ്ഥാപിക്കുന്നതിലേക്കായുള്ള ആട് ഫാം കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ ഏകദേശം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

1000 ആടുകളെ വളർത്തുകയും, ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകർക്ക് ബുക്കിംഗ് അടിസ്ഥാനത്തിൽ സബ് സിഡി നിരക്കിൽ നൽകുകയും ചെയ്യും. ഈ സ്ഥാപനത്തെ "മികവിൻറെ കേന്ദ്രമായി" ഉയർത്തുന്നതിന് വേണ്ടി പുതുതായി നിർമ്മിച്ച ഉന്നതസാങ്കേതികവിദ്യയിലധിഷ്ഠിതമായ ആധുനിക ഇരുനില കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 ഒക്ടോബർ മാസം 15ന് വൈകുന്നേരം 3.00 മണിക്ക് കേരള സംസ്ഥാന മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, പാറശ്ശാല എം. എൽ. എ. സി. കെ. ഹരീന്ദ്രൻ ന്റെ സാന്നിധ്യത്തിൽ പാറശ്ശാല സർക്കാർ ആട് വളർത്തൽ കേന്ദ്രത്തിൽ വച്ച് നിർവഹിക്കുന്നു. തുടർന്ന് ഈ സ്ഥാപനത്തെ "മികവിൻറെ കേന്ദ്രമാക്കിയുള്ള" പ്രഖ്യാപനം തിരുവനന്തപുരം ലോക് സഭാ എം.പി ഡോ. ശശി തരൂർ, G. S. കൺവൻഷൻ സെന്റർ കുറുംകുട്ടിയിൽ വച്ച് നിർവഹിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ വച്ച് MLA-SDF ഫണ്ടുപയോഗിച്ച്, തിരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് AMCU വിതരണവും ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അതോടനുബന്ധിച്ച് ആട്ടുവളർത്തലുമായി ബന്ധപ്പെട്ട സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഒക്ടോബർ 14, 15** തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 22 മുതൽ 24 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 21-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. ഇ – മെയിൽ- principaldtctvm@gmail.com.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2025 ഒക്ടോബർ 21, 22 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിംഗ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജക ഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ -മെയിൽ :training@rubberboard.org.in

6. **കാർഷിക നിർദ്ദേശം** – മരച്ചീനി- മൊസൈക് രോഗം രോഗബാധിതമായ ചെടികളെ ആദ്യഘട്ടത്തിൽ തന്നെ നശിപ്പിക്കുക.

ff




Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


മഞ്ഞ കെണി സ്ഥാപിച്ച രോഗം പടർത്തുന്ന കീടങ്ങളെ നിയന്ത്രിക്കുക

വാഹക കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പെണ്ണ എമൽഷൻ (20 മിലി/ലി) അല്ലെങ്കിൽ ഡൈമെത്തോയേറ്റ് 30 EC (2 മിലി /ലി) തളിക്കുക.


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം